# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1876 17/03/2015-ൽ മറുപടിയ്ക്ക്**

### മട്ടന്നൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മട്ടന്നൂർ നഗരസഭയിലെ മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത നിവേദനങ്ങളിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും 2014-15 സാമ്പത്തിക വർഷത്തിൽ മട്ടന്നൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുവാൻ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>മട്ടന്നൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ആധുനിക ശുചിത്വ മത്സ്യമാർക്കറ്റ് നിർമ്മാണം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ആരംഭിക്കുന്നത്. ഇതുപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ച 11 മത്സ്യമാർക്കറ്റിന്റെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് മട്ടന്നൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കണമെന്ന നിവേദനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ